GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

21-05-2021

## കാർഷികമേഖലാവാർത്തകൾ

### 1. പ്രകൃതി ക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിക്കുവാൻ 'എയിംസ് പോർട്ടൽ'

- പ്രകൃതി ക്ഷോഭം മലമുണ്ടായ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി കർഷകർ എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ട വിധം താഴെ പറയുന്നു..
- എയിംസ് വെബ്സൈറ്റ് സന്ദർശിക്കുക. (https://www.aims.kerala.gov.in)
- മാർഗനിർദ്ദേശങ്ങൾ ക്ലിക്ക് ചെയ്താൽ വ്യക്തിഗതലോഗിന്റേയും ഗ്രൂപ്പ് ലോഗിന്റേയും മാർഗനിർദ്ദേശങ്ങൾ ലഭിക്കുന്നതാണ്.
- ആദ്യമായി എയിംസ് പോർട്ടൽ ഉപയോഗിക്കുന്നവർ പുതിയരജിസ്ട്രേഷനിൽ ആധാർ നമ്പരും ഫോൺ നമ്പരും ഉപയോഗിച്ച് പേരും മറ്റ് വിവരങ്ങളും രജിസ്റ്റർ ചെയ്ത് പാസ്വേർഡ് സൃഷ്ടിക്കേണ്ടതാണ്.
- യൂസർനെയിമും പാസ്വേർഡും ഉപയോഗിച്ച് കർഷകലോഗിൻ ക്ലിക്ക് ചെയ്ത് പോർട്ടലിൽ കയറാവുന്നതാണ്.
- പ്രകൃതിക്ഷോഭം മൂലമുള്ള നഷ്ടം അറിയിക്കുന്നതിലേക്കായി 'റിപ്പോർട്ട് കലാമിറ്റി' ക്ലിക്ക് ചെയ്ത് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
- വിളകൾ ഇൻഷുർ ചെയ്തിട്ടുള്ള കർഷകർ 15 ദിവസത്തിനകവും മറ്റ് കർഷകർ 10 ദിവസത്തിനുള്ളിലും എയിംസ് പോർട്ടലിൽ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ് .

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

- ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമായി 'എയിംസ്' എന്ന യൂട്യൂബ് ചാനലിൽ ഓൺലൈനായി വീക്ഷിക്കാവുന്നതാണ്. https://youtu.be/PwW6_hDvriY
- എയിംസ് മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാണ്.

2. **ഓൺലൈൻ മൃഗചികിത്സയുമായി വെറ്ററിനറി സർവ്വകലാശാല - 'കാഫ്' പദ്ധതി**

കോവിഡ് മഹാമാരിക്കും ലോക്ഡൗൺ നിയന്ത്രണങ്ങൾക്കുമിടയിൽ അരുമകൾക്കും, മറ്റ് വളർത്ത് മൃഗങ്ങൾക്കും ഓൺലൈൻ ചികിത്സാ സംവിധാനം ഒരുക്കി കേരള വെറ്ററിനറി സർവ്വകലാശാല. കെ.വി.എ.എസ്.യു. അഡ്വൈസറി ഫോർ ലൈവ് സ്റ്റോക്ക് ഫാർമേഴ്സ് അഥവാ കാഫ്, (KALF) എന്ന് പേരിട്ടിരിക്കുന്ന പദ്ധതിയിൽ വളർത്തുമൃഗ പരിപാലനം, രോഗം, ഭക്ഷണ രീതി, മറ്റ് അനുബന്ധ മേഖലകൾ എന്നിവയുമായി ബന്ധപ്പെട്ട് കേരളത്തിലെ കർഷകരും സംരംഭകരും നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾക്ക് മൊബൈൽ കോൺഫറൻസിങ്ങിലൂടെ സർവ്വകലാശാല വിദഗ്ദർ മറുപടി നൽകും. ഉപദേശങ്ങൾക്കും, സഹായങ്ങൾക്കും വേണ്ടി കർഷകർക്കും, സംരംഭകർക്കും രാവിലെ 9 മുതൽ 12 വരെയും, 2 മുതൽ 5 വരെയും '9447030801' എന്ന ഫോൺ നമ്പറിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്. സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി വെറ്ററിനറി കോളേജിൽ സജ്ജമാക്കിയിരിക്കുന്ന 'കാഫ്' കേന്ദ്രത്തിലേക്ക് എത്തുന്ന ഫോൺ കോളുകൾ ഓൺലൈൻ മൊബൈൽ കോൺഫറൻസിങ്ങിലൂടെ ബന്ധപ്പെട്ട വിദഗ്ദ്ധരായ സർവ്വകലാശാല ശാസ്ത്രജ്ഞൻമാർക്ക് കൈമാറുകയും, നേരിട്ടുള്ള സംശയനിവാരണത്തിന് വേദിയൊരുക്കുകയും ചെയ്യും. കർഷകർ ഉന്നയിക്കുന്ന വിഷയങ്ങൾക്ക് കൂടുതൽ വിശദീക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രണം വിദഗ്ദ്ധർ ആവശ്യപ്പെടുന്ന മുറയ്ക്ക് മൃഗങ്ങളുടെ വിവരങ്ങളും, ഫോട്ടോയും സഹിതം സർവ്വകലാശാല നൽകുന്ന ഒരു ഇ-മെയിലിലേക്ക് അയയ്ക്കാവുന്നതാണ്. വിശദമായ അവലോകനത്തിന് ശേഷം പ്രശ്നപരിഹാര നിർദ്ദേശങ്ങൾ നൽകുന്നതാണ്.

പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട നമ്പരുകൾ താഴെ പറയുന്നു:

ഡോ. എം. കെ. നാരായണൻ:**9447019009** / ഡോ. എസ്. അജിത് കുമാർ: **9400322511**

## 3. അറിയിപ്പ് – ജൈവജീവാണുവളങ്ങൾ ഓപ്പൺ ലേണിങ്ങ് കോഴ്സ്

കേരള കാർഷിക സർവകലാശാലയുടെ ഈ പഠകേന്ദ്രം 'ജൈവജീവാണു വളങ്ങൾ' എന്ന വിഷയത്തിൽ മാസീവ് ഓപ്പൺ ലേണിങ്ങ് കോഴ്സ് സംഘടിപ്പിക്കുന്നു. 2021 മേയ് 24 ന് ആരംഭിക്കുന്ന കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന ദിവസം മേയ് 23 ആണ്. 'KAU MOOC' എന്ന പ്ലാറ്റ് ഫോമിലൂടെ മലയാളത്തിൽ പരിശീലിപ്പിക്കുന്ന ഈ കോഴ്സ് 24 ദിവസം ദൈർഘ്യമുള്ളതാണ്. കോഴ്സ് പൂർത്തിയാകുമ്പോൾ പരീക്ഷയിൽ പങ്കെടുത്ത് പാസാകുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് അടയ്ക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റും നൽകുന്നതാണ്. കൂടുതൽ വിവങ്ങൾക്ക് celkau@gmail.com എന്ന മെയിലിലോ 9567190858, 7994076410, 9497353389 എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

## 4. ഓൺലൈൻ ഹെൽപ്പ് ഡസ്ക്ക്

കർഷകരുടെ സംശയനിവാണത്തിനായി ഓൺലൈൻ ഹെൽപ്പ് ഡെസ്ക്ക് **കോഴിക്കോട്** ജില്ലയിലെ കാർഷിക വിജ്ഞാന വിപണനകേന്ദ്രം വേങ്ങേരിയിൽ പ്രവർത്തനമാരംഭിച്ചു. എല്ലാ ദിവസവും രാവിലെ 10 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ കർഷകർക്ക് സംശയദൂരീകരണം ലഭിക്കുന്നതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പരുകൾ ഇനി പറയുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

---

ഡോ അപർണാ രാധാകൃഷ്ണൻ – 8468990086

ഷിജ്നി ഇ എം – 9846692616

## 5. ഓൺലൈൻ പരിശീലനങ്ങൾ

### (1) കർഷകോന്മുഖ വിദഗ്ധഭാഷണ പരമ്പര –

കേരള വെറ്ററിനറി സർവകലാശാല **'മൃഗസംരക്ഷണമേഖലയിലെ വർഷകാലമുന്നൊരുക്കങ്ങളെ'** ആധാരമാക്കി കർഷകോൻമുഖ വിദഗ്ധഭാഷണ പരമ്പരയ്ക്ക് മേയ് മാസം 24 മുതൽ തുടക്കം കുറിയ്ക്കുന്നു. പതിനഞ്ച് ദിവസം തുടർച്ചയായി ഉച്ചകഴിഞ്ഞ് 2.30 ന് തുടങ്ങുന്ന പ്രസ്തുത ഭാഷണ പരമ്പര ഒരു മണിക്കൂർ വീതം നീണ്ടുനിൽക്കുന്നതാണ്. കർഷകരുടെ സംശയദൂരീകരണത്തിനായുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. മഴക്കാലത്തെ തീറ്റക്രമവും നൂതന തീറ്റ സമ്പ്രദായങ്ങളും, പന്നിവളർത്തലും വർഷകാലമുന്നൊരുക്കങ്ങളും, സംയോജിത കൃഷി – ഉത്പാദനക്ഷമതാ വർധനവിന്, ജന്തുജന്യരോഗങ്ങളുടെ നിയന്ത്രണവും പ്രതിരോധവും കുടിവെള്ള പരിശോധനയുടെ ആവശ്യകതയും, വളർത്തുമൃഗങ്ങളിലെ പരാദ രോഗചികിത്സ മഴയ്ക്ക് മുൻപ് ചെയ്യേണ്ടത്, മാലിന്യസംസ്കരണം മഴക്കാലത്ത് , മൃഗങ്ങളിലെ സാധാരണ ദഹനസംബന്ധമായ രോഗങ്ങൾ , മഴക്കാല കുളമ്പുരോഗങ്ങളും പ്രതിവിധികളും, കന്നുകാലികളിലെ വിഷബാധ, പശുക്കളിലെ പ്രത്യുല്പാദനം- കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ , കിടാങ്ങളുടെ മഴക്കാല പരിചരണം , സൂക്ഷ്മ -ഇടത്തരം മാംസ സംസ്കരണ സംരംഭങ്ങൾ, മഴക്കാലരോഗങ്ങളും പ്രതിരോധമാർഗങ്ങളും, മൃഗങ്ങളിലെ മൂത്രാശയ രോഗങ്ങളും പ്രതിവിധികളും, കാലാവസ്ഥയും പക്ഷി വളർത്തലും എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയാണ് ഭാഷണ പരമ്പര വിഭാവനം ചെയ്തിരിക്കുന്നത്. വിശദ വിവരങ്ങൾക്കായി ഫോൺകാളിലൂടെയോ വാട്സ്ആപ്പിലൂടെയോ താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഡോ മായ – **9446625160** /

ഡോ ഇർഷാദ് **- 9895213500**

### 2) റബ്ബർമേഖലയിലെ സംരംഭകത്വവികസനത്തിനായി പരിശീലനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റബ്ബർമേഖലയിലെ സംരംഭകത്വവികസനത്തിനായി റബ്ബർബോർഡ് മെയ് 25-ന് ഏകദിന ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലന സമയം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആയിരിക്കും. ഷീറ്റുറബ്ബർനിർമ്മാണം, റബ്ബർപാലിൽനിന്നും ഉണക്കറബ്ബറിൽനിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം എന്നീ മേഖലകളിലെ സംരംഭകത്വസാധ്യതകളാണ് പരിശീലന വിഷയം. ജി.എസ്.റ്റി. രജിസ്ട്രേഷൻ ഇല്ലാത്ത കേരളീയർക്ക് പരിശീലനഫീസ് **119** രൂപ ആണ്. ജി.എസ്.റ്റി. രജിസ്ട്രേഷൻ ഉള്ള കേരളീയർക്കും കേരളത്തിന് പുറത്തുള്ളവർക്കും **118** രൂപ ആയിരിക്കും ഫീസ്. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പറിലും **0481-2353201** എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം. ഇ-മെയിൽ: training@rubberboard.org.in

(1) **തിരുവനന്തപുരം ക്ഷീരപരിശീലന കേന്ദ്രം** മൂല്യവർദ്ധിത ക്ഷീര ഉൽപ്പന്നങ്ങൾ എന്ന വിഷയത്തിൽ മേയ് മാസം 27 ന് ഗൂഗിൾ മീറ്റ് മുഖാന്തിരം പരിശീലനം നൽകുന്നു. താൽപര്യമുള്ളവർ മേയ് 25 ന് വൈകിട്ട് അഞ്ച് മണിക്ക് മുമ്പായി dtctvm99@gmail.com എന്ന വിലാസത്തിൽ പേര്, വിലാസം, വാട്സ്ആപ്പ് നമ്പർ എന്നിവ നൽകി രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാൾ അറിയിക്കുന്നു.

(2) **കൊല്ലം** ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (21-05-2021 ന്) മണ്ണിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ കുമ്മായ വസ്തുക്കൾ എന്ന വിഷയത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ഡോ പൂർണ്ണിമ യാദവ് ഫേസ്ബുക്ക് ലൈവിലൂടെ ഓൺലൈൻ പരിശീലനം നൽകുന്നു. 'കൃഷിവിജ്ഞാൻകേന്ദ്രകൊല്ലം' എന്ന് ഫേസ് ബുക്ക് പേജിൽ ഈ പരിശീലനങ്ങൾ കർഷകർക്ക് ലൈവായി വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9447525264** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

(3) **തിരുവനന്തപുരം** വെള്ളനാട് മിത്രാനികേതൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഇന്ന് 'ഹരിത ഗൃഹനിർമ്മാണം' എന്ന വിഷയത്തിൽ അഗ്രികൾച്ചറൽ എൻജിനീയറിങ് സബ്ജക്ട്

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാറ്റർ സ്പെഷലിസ്റ്റ് ശ്രീമതി ചിത്ര ജി ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ **9400288040**

6. **വിള പരിപാലന നിർദ്ദേശങ്ങൾ – നെൽ കർഷകരുടെ ശ്രദ്ധയ്ക്ക്**

നെല്ലിൽ വ്യാപകമായി ബാക്ടീരിയൽ ഇലകരിച്ചിൽ കണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബ്ലീച്ചിംഗ് പൗഡർ 2 കിലോ ഒരു ഏക്കറിന് എന്ന തോതിൽ കിഴികെട്ടി പാടത്ത് അവിടവിടെയായി വെക്കുക. രോഗം നിയന്ത്രിക്കുന്നതിനായി ആന്റിബയോട്ടിക് ആയ സ്ട്രെപ്റ്റോസൈക്ലിൻ 6ഗ്രാം 120 ലിറ്റർ വെള്ളത്തിൽ കലക്കി ഒരേക്കർ സ്ഥലത്ത് തളിക്കാവുന്നതാണ്.